## വിദ്യാലയ ചരിത്രം

1925-ൽ കുഴിവേലിൽ ശ്രീ. കുഞ്ഞുണ്ണിമാഷാണ് കെ.എം.എസ് എരൂർ എന്ന പേരിൽ ഈ വിദ്യാലയം ആരംഭിച്ചത്. എരൂർ പ്രദേശത്ത് മറ്റു സ്കൂളുകൾ ഇല്ലാതിരുന്ന കാലത്ത് പ്രാഥമിക വിദ്യാഭ്യാസത്തിന് ഏക ആശ്രയം ഈ വിദ്യാലയമായിരുന്നു. ശ്രീ. കുഞ്ഞുണ്ണി മാസ്റ്റർ തന്നെയായിരുന്നു ആദ്യത്തെ പ്രധാന അദ്ധ്യാപകൻ. കെ.കെ കൃഷ്ണൻ, വി.പി വർക്കി എം. കൃഷ്ണ മേനോൻ എം. ഗോവിന്ദമേനോൻ, രാമകൃഷ്ണവാര്യർ, കെ. സുകുമാരൻ, ബി.കെ രാമൻ, കെ.കെ അമ്മുക്കുട്ടിയമ്മ എന്നിവർ ആദ്യകാല അദ്ധ്യാപകരായിരുന്നു. 1945-ൽ സ്കൂൾ സ്റ്റാഫിനു കൈമാറി.

എരൂർ പ്രദേശത്തിന്റെ വിദ്യാഭ്യാസകേന്ദ്രമായി ഇന്നും അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്നു ഈ വിദ്യാലയം.



# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. അടിസ്ഥാന വിവരങ്ങൾ

4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധഘട്ടങ്ങൾ

6. നിലവിലെ അവസ്ഥാ വിശകലനം

7. മികവ് - പ്രവർത്തനങ്ങൾ

8. പദ്ധതി വിശദാംശങ്ങൾ

   മേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം

9. പ്രതീക്ഷിത നേട്ടങ്ങൾ

10. ഉപസംഹാരം

## SCHOOL DETAILS

| | | |
|---|---|---|
| Name of School | : | KMPLS Eroor |
| School Code | : | 726415 |
| DDO Code | : | 16 B 115 |
| Treasury Code | : | 1108 |
| Ward No | : | 43 |
| Dise Code | : | 32081300422 |
| E: mail | : | eroorkmlps@gmail |
| Ph:No | : | 0484 2774981 |
| Name of HM | : | Sabu Kurian |
| Ph: No. | : | 8089872323 |
| സബ്ജില്ല | : | തൃപ്പൂണിത്തുറ |
| വിദ്യാഭ്യാസ ജില്ല | : | എറണാകുളം |
| Revnue District | : | Ernakulam |
| BRC | : | Tripunithura |
| CRC | : | Eroor |
| ഗ്രമാമപഞ്ചായത്ത് | : | തൃപ്പൂണിത്തുറ മുൻസിപാലിറ്റി |
| നിയമസഭാ മണ്ഡലം | : | തൃപ്പൂണിത്തുറ |
| താലൂക്ക് | : | കണയന്നൂർ |
| വില്ലേജ് | : | നടമ |
| അധ്യാപകരുടെ എണ്ണം | : | 3 |

# ആമുഖം

1925 ൽ തൃപ്പൂണിത്തുറയ്ക്ക് അടുത്ത് എരൂർ ദേശത്ത് ശ്രീ കുഴുവേലിൽ കുഞ്ഞുണ്ണി മാസ്റ്റർ ആണ് ഈ സ്കൂൾ ആരംഭിച്ചത് . ഈ ദേശത്തിന്റെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഏക സ്ഥാപനമായിരുന്നു ഈ വിദ്യാലയം. നിരവധി ആളുകൾ തങ്ങളുടെ പ്രൈമറി വിദ്യാഭ്യാസം നേടിയ ഈ സ്കൂൾ ഇന്നും അതിന്റെ തനതുരൂപം നിലനിർത്തികൊണ്ട് വിരാജിക്കുന്നു. മാറിയ കാലഘട്ടത്തിൽ പൊതു സമൂഹം പ്രതീക്ഷിക്കുന്ന വിദ്യാഭ്യാസ ആവശ്യങ്ങളിലേക്കും സൗകര്യങ്ങളിലേക്കും മാറുവാൻ നിരന്തരശ്രമത്തിലാണ് ഈ സ്കൂൾ. പൊതുവിദ്യാലയത്തിൽ കുട്ടികൾ കുറഞ്ഞപ്പോൾ അതിന്റെ ചലനങ്ങൾ ഈ സ്കൂളിനേയും ബാധിച്ചു. പൊതു വിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയപ്പോൾ സമൂഹത്തിന്റെ പിൻതുണയോടുകൂടി അക്കാദമികവും ഭൗതീകവുമായ പുരോഗമന പ്രവർത്തനങ്ങൾ മുൻഗണന ക്രമത്തിൽ നടപ്പിലാക്കി വരുന്നു. അതിന്റെ ഊർജ്ജം ഇപ്പോൾ സ്കൂളിൽ പ്രകടമാണ് ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക, ഓരോ കുട്ടിയുടേയും അറിവും കഴിവും അതത് പ്രായഘട്ടത്തിന് അനുസൃതമായി ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുക, ഇങ്ങനെ ഒരു സ്കൂളിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക വളർച്ചയ്ക്കു വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

## ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും. അതതു ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുന്നു. കുട്ടികളിലെ സർഗ്ഗപരവും അക്കാദമികവും കായികപരവും, നിർമ്മാണപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക കുട്ടിയുടെ പഠനം ക്ലാസ്മുറിയിൽ നിന്ന് പുറംലോകത്തെ വിശാലമായ അറിവിലേക്ക് എത്തിക്കുക പ്രായോഗിക പ്രവർത്തനങ്ങളിലൂടെ ചരിത്രപരവും ഗണിതപരവുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

- ❖ സ്കൂളിലെ മുഴുവൻ കുട്ടികളേയും പ്രത്യേകിച്ച് പെൺകുട്ടികളെ നീന്തൽ, സൈക്കിൾ ചവിട്ട്, കായികക്ഷമത പ്രവർത്തനങ്ങൾ, കുട്ടികളിൽ ആത്മവിശ്വാസം അപകടങ്ങളിൽ നിന്ന് സ്വയം രക്ഷനേടാനുള്ള കഴിവ്. അപകടങ്ങളിൽ പെടുന്ന വരെ രക്ഷിക്കാനുള്ള മനോഭാവം വളർത്തിയെടുക്കുക.
- ❖ എൽ. പി. ക്ലാസുകളിൽ ICT അധിഷ്ഠിതക്ലാസ് റൂം മാതൃകകൾ സൃഷ്ടിച്ച്. സ്കൂളിലെ അക്കാദമിക നിലവാരം ഉയർത്തുക.
- ❖ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യം വികസിപിക്കുക.
- ❖ ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുക.
- ❖ സ്കൂളിലെ പൊതു സൗകര്യങ്ങൾ, പൊതു സമൂഹത്തിനും ഉപയുക്തമാക്കി പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക.
- ❖ ഭാഷാശേഷി ഉയർന്ന നിലവാരത്തിൽ വളർത്തി എടുക്കുക.
- ❖ ലൈബ്രറി വികസിപ്പിച്ച് വായന പരിപോഷിപ്പിക്കുക.

## കാഴ്ചപ്പാട്

ഒന്നാം ക്ലാസിൽ ചേരുന്നകുട്ടി നാലാംക്ലാസ് കഴിഞ്ഞ് പുറത്തുപോകുമ്പോൾ മാതൃ ഭാഷയ്ക്കൊപ്പം തന്നെ ഇംഗ്ലീഷ്, ഹിന്ദി ഭാഷയിലും, ഗണിതപരമായും, നേടേണ്ട ശേഷികൾ നേടിയിരിക്കണം. അതായത്, അക്ഷരതെറ്റ് കൂടാതെ എഴുതുവാനും വായിക്കുവാനും സർഗാത്മകമായ പ്രവർത്തനങ്ങൾ ചെയ്യുവാനുള്ള പ്രാപ്തിയും നേടിയിരിക്കണം.

- ❖ ചതുഷ്ക്രിയകൾ ചെയ്യുവാനും നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുവാനും സാധിക്കണം.
- ❖ പരീക്ഷണങ്ങൾ ചെയ്യുവാനും നിഗമനങ്ങളിൽ എത്തുവാനും, സമൂഹിക പ്രശ്നങ്ങളിൽ ഫലവത്തായി ഇടപെടാനും കുട്ടികളെ സജ്ജരാക്കുക.
- ❖ സ്കൂൾ അന്തരീക്ഷം മാതൃകാപരമായിരിക്കണം.
- ❖ തുടർച്ചയായ മൂല്യനിർണ്ണയ പ്രക്രിയ ക്ലാസ് തലപ്രവർത്തനങ്ങളുടേയും ഭാഗമാക്കുക.
- ❖ കലാകായിക പ്രവർത്തിപരിചയമേള, മറ്റ് അനുബന്ധ പരിപാടികൾ എന്നിവയിൽ കുട്ടികളെ മുൻനിരയിൽ എത്തിക്കുക.
- ❖ പരിസരപഠനം ആകർഷകമാക്കുന്നതിന്റെ ഭാഗമായി സ്കൂൾ പരിസരം തന്നെ ജൈവഉദ്യാനപാർക്കായി മാറ്റി എടുക്കുക.
- ❖ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിന് ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് അവരെ മുഖ്യധാരയിലേക്ക് എത്തിക്കുക.
- ❖ രക്ഷിതാക്കളുടെയും നാട്ടുകാരുടേയും സഹകരണം കൊണ്ട് എന്റെ സ്കൂൾ, അല്ലെങ്കിൽ അയൽ പക്കസ്കൂൾ എന്ന ബോധം പൊതുജനങ്ങളിൽ ഉളവാക്കുക.
- ❖ വിദ്യാലയ പ്രവർത്തനങ്ങൾക്ക് ജനകീയ പ്രസ്താനങ്ങളുടെ പിൻന്തുണ ഉറപ്പാക്കുക.
- ❖ ഭൗതീകപരമായി സ്കൂളിനെ ഒരു മാതൃക സ്കൂളാക്കി മാറ്റുക.
- ❖ കുട്ടികളുടെ നാനാവിധ കഴിവുകൾ കണ്ടെത്തി അവയെ പരിപോക്ഷിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- ❖ സമൂഹവുമായി മികച്ച ആത്മബന്ധം ഉറപ്പിക്കുക.

## രൂപീകരണ പ്രക്രിയ ഘട്ടങ്ങൾ

ഹെഡ്മാസ്റ്റർ
സീനിയർ അസിസ്റ്റന്റ്
SRG കൺവീനർ
PTA
MPTA
SMC അദ്ധ്യക്ഷൻമാർ
എന്നിവർ ചേർന്ന് മാസ്റ്റർ പ്ലാൻ സംബന്ധിച്ച പൊതുധാരണ ഉണ്ടാക്കണം.

- ❖ ഇതിന്റെ അടിസ്ഥാനത്തിൽ SRG കൺവീനർ അദ്ധ്യാപകരുടെ സഹായത്തോടെ കരട് രേഖ തയ്യാറാക്കണം.

ഇത് മീറ്റിംഗിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തണം. ഇങ്ങനെ രൂപപ്പെടുന്ന മാസ്റ്റർ പ്ലാൻ PTA, ചുറ്റുപാടുമുള്ള വിദ്യാഭ്യാസ സംരക്ഷണ പ്രവർത്തകർ, സാമൂഹിക സംരക്ഷണ പ്രവർത്തകർ എന്നിവരുടെ മുമ്പാകെ അവതരിപ്പിച്ച് അക്കാദമിക പ്രവർത്തന കലണ്ടർ രൂപപ്പെടുത്താം.

## നിലവിലെ അവസ്ഥ വിശകലനം

### I. ഭൗതികം

**a. നേട്ടങ്ങൾ**

- മികച്ച പ്രൈമറി വിദ്യാലയം ആഗ്രഹിക്കുന്ന അന്തരീക്ഷം. തണൽ വിരിച്ചു നിൽക്കുന്ന മരങ്ങൾ, നല്ലൊരു മൈതാനം, കുറച്ച് കളി ഉപകരണങ്ങൾ എന്നിവ സ്കൂളിന്റെ പ്രത്യേകതയാണ്.

**b. കോട്ടങ്ങൾ**

- ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത വലിയ പോരായ്മയാണ്.
- കാലഘട്ടം ആഗ്രഹിക്കുന്ന തലത്തിലേക്ക് വിദ്യാലയ സൗകര്യങ്ങൾ ഉയർത്താൻ കഴിഞ്ഞിട്ടില്ല.
- ഓഫീസ്, ലൈബ്രറി, ലാബ് ക്ലാസ്സ് മുറികൾ, ഫർണിച്ചറുകൾ എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല.
- ശൗചാലയം ആധുനിക രീതിയിൽ ഉള്ളതല്ല.
- ചുറ്റുമതിൽ പൂർത്തീകരിച്ചിട്ടില്ല.
- വാഹനസൗകര്യമില്ല
- കവാടമില്ല
- ഓപ്പൺ എയർ സ്റ്റേജിന്റെ അപര്യാപ്തതയുണ്ട്.
- വരാന്തയും ടൈൽ പാകിയ നിലവും അടച്ചുറപ്പുള്ള ക്ലാസ്സ് മുറിയും ഞങ്ങളുടെ സ്വപ്നമാണ്.
- നല്ലൊരു ഉദ്യാനം, ജൈവ വൈവിധ്യപാർക്ക് എന്നിവയും നിർമ്മിക്കേണ്ടതുണ്ട്.
- കളി ഉപകരണങ്ങളും കളി സ്ഥലവും കുറെ കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്.

### II. അക്കാദമികം

**a. നേട്ടങ്ങൾ**

- അക്കാദമിക നിലവാരത്തിൽ മികച്ച പിന്തുണ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്.
- വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പഠന പാഠ്യേതര പ്രവർത്തനങ്ങൾ കണ്ടെത്തി നടപ്പിലാക്കുന്നു.

- കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് ഇംഗ്ലീഷ്, ഹിന്ദി, വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നുണ്ട്.
- കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായി കബ്ബിംഗ് അടക്കമുള്ള ക്ലബ്ബ്തലപ്രവർത്തനങ്ങൾ നൽകുന്നുണ്ട്.
- കുട്ടികളുടെ വായനയെ പോഷിപ്പിക്കുന്നതിനായി വാർത്ത വായന, ലൈബ്രറി എന്നിവ പ്രയോജനപ്പെടുത്തുന്നുണ്ട്.
- മാസംതോറും രക്ഷിതാക്കളുടെ മുമ്പിൽ കുട്ടികളുമായിട്ടുള്ള സംവാദം നടക്കുന്നു.
- ഭാഷാ പരിശീലനത്തിന്റെ രക്ഷിതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള തുടർ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.
- ICT സാധ്യതകൾ പ്രൊജക്ടിന്റെ സഹായത്തോടെ പ്രയോജനപ്പെടുത്തുണ്ട്.
- ചെറിയ ക്ലാസ്സുകളിൽ ഇംഗ്ലീഷ് പഠനത്തിനായി പ്രത്യേക സിലബസ് രൂപപ്പെടുത്തി കൊണ്ട് ഇംഗ്സീഷ് ക്ലാസ്സുകൾ നടക്കുന്നു.
- എൽ.കെ.ജി, യു.കെ.ജി മുതൽ ഇംഗ്ലീഷ് ക്ലാസ്സുകൾ നടക്കുന്നു.

b. **കോട്ടങ്ങൾ**

- സ്കൂൾ ലൈബ്രറി ആധുനികവൽക്കരിക്കണം.
- ശാസ്ത്ര ഗണിത ലബോറട്ടറികൾ ആവശ്യമാണ്.
- ക്ലാസ്സ് ലൈബ്രറി ഇല്ല.
- പഠനോപകരണങ്ങളുടെ ലഭ്യതക്കുറവ്.
- കലാകായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണ്ണ സമയം ലഭ്യമാകുന്നില്ല.
- പലതരത്തിലുള്ള പ്രോജക്ടിന്റെയും ആധിക്യം അക്കാദമിക പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിൽ അധ്യാപകർ വിഷമം നേരിടുന്നു.
- അക്കാദമിക മികവാണ് വിദ്യാലയം മിച്ചതാക്കി മാറ്റുന്നത്. അതുകൊണ്ട് തുടർപ്രവർത്തനാധിഷ്ഠിതമായ പ്രൊജക്ടുകളും പദ്ധതികളും സ്കൂൾത ലത്തിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കണം.

## പ്രതീക്ഷിതനേട്ടങ്ങൾ

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശനം വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## കുട്ടികളുടെ എണ്ണം

| Year | Pre-primary LKG | UKG | I | II | III | IV | Total |
|---|---|---|---|---|---|---|---|
| 2016-17 | 11 | 7 | 3 | 2 | 3 | 1 | 27 |
| 2017-18 | 7 | 10 | 3 | 3 | 2 | 3 | 28 |

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനം ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാവികസനം<br>• ഗണിത ശാസ്ത്ര വികസനം<br>• ഇംഗ്ലീഷ് പഠനം<br>• ലൈബ്രറി<br>• ലബോറട്ടറി<br>• പഠനയാത്രകൾ<br>• കലാകായിക പരിശീലനം<br>• ഐ.ടി പരിശീലനം<br>• പ്രവർത്തിപരിചയ പരിശീലനം<br>• വായനാ പരിശീലനം<br>• അഭിനയ കളരി<br>• ജൈവവൈവിധ്യ പാർക്ക്<br>• സാഹിത്യ പ്രോത്സാഹന പരിപാടികൾ<br>• ക്ലാസ്സ് പി.ടി.എ സജീവമാക്കൽ<br>• സ്കൂൾ പത്രം, മാസിക<br>• പച്ചക്കറിത്തോട്ടം<br>• രചനാ പരിശീലനം<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാര പരിപാടി | • ചുറ്റുമതിൽ<br>• ഗേയ്റ്റ്<br>• കളിസ്ഥലം<br>• കളി ഉപകരണങ്ങൾ<br>• ക്ലാസ്സ് മുറികൾ<br>• ഓഫീസ് മുറി<br>• വിശ്രമമുറി<br>• കമ്പ്യൂട്ടർ റൂം<br>• ലൈബ്രറി<br>• കുടിവെള്ള വിതരണം<br>• ടോയ്‌ലറ്റ്<br>• ടൈൽ വിരിക്കൽ<br>• ക്ലാസ്സ് മുറി<br>• സ്മാർട്ട് ക്ലാസ്സ് റൂം<br>• മാലിന്യ സംസ്ക്കരണം<br>• ലാബ് സൗകര്യം<br>• ജന്മദിനത്തിന് ഒരു പുസ്തകം<br>• ചിത്രരചനാ പരിശീലനം<br>• വീട്ടിലും കൃഷിത്തോട്ടം<br>• എന്റെ മരം വീട്ടിലും സ്കൂളിലും | • പൂർവ്വ വിദ്യാർത്ഥി സംഘടന,സാമൂഹിക രാഷ്ട്രീയ സാമുധായിക ക്ലബ്ബുകൾ, റെസിഡൻസുകാർ, വ്യക്തികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• PTA ശക്തിപ്പെടുത്തൽ<br>• SMDC, SMC ശക്തിപ്പെടുത്തൽ<br>• വിദ്യാലയ വികസന സമിതി<br>• LSG ബന്ധം<br>• വിദ്യാലയ മികവുകൾ പൊതു സമൂഹത്തിലേക്ക് |

| | | |
|---|---|---|
| • വിവിധ കരകൗശല പരിശീലനം<br>• ഫസ്റ്റ് എയ്ഡ് പരിശീലനം<br>• ഒന്നാംക്ലാസ്സ് ഒന്നാന്തരം<br>• എസ്.ആർ.ജി. ശാക്തീകരണം<br>• അഭിമുഖങ്ങൾ | | |

## പദ്ധതി വിശദാംശങ്ങൾ

### പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല - ഇംഗ്ലീഷ്ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കുക | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ഇംഗ്ലീഷിൽ അവതരണം. ഓരോ ക്ലാസ്സിലും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | |

### <u>പ്രവർത്തനം 2</u>

പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാർത്ഥിക്ക് അനുഭവപ്പെട്ട കാര്യങ്ങൾ ഡയറിയിൽ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | HM, Class teacher | |

## പ്രവർത്തനം 3

**പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് ബുള്ളറ്റിൻ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള വിഷയം തയ്യാറാക്കൽ | പ്രതിമാസ പരിപാടി | എച്ച്.എം, അധ്യാപകൻ | |

## പ്രവർത്തനം 4

**പ്രവർത്തനത്തിന്റെ പേര് - ഗ്രന്ഥശാല ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ | വർഷത്തിൽ 2 പ്രാവശ്യം | എച്ച്. എം, പി.ടി.എ, | 2000/- |

## പ്രവർത്തനം 5

**പ്രവർത്തനത്തിന്റെ പേര് - ഗണിതലാബ് സജ്ജീകരിക്കൽ**

**ഉപമേഖല-സമഗ്ര വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യനുസരണം | S.R.G, ഗണിത ക്ലബ്ബ് | 1000/- |

## പ്രവർത്തനം 6

പ്രവർത്തനത്തിന്റെ പേര് - ചിത്രരചനാക്കളരി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടു നിൽക്കുന്ന ചിത്രരചനാ പരിശീലനം | മദ്ധ്യവേനൽ അവധി ക്കാലം | S.R.G | 1000/- |

## പ്രവർത്തനം 7

പ്രവർത്തനത്തിന്റെ പേര് - മെഡിക്കൽ ക്യാമ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ | വർഷത്തിൽ ഒന്നു വീതം | H.M, P.T.A | 5000/- P.T.A |

## പ്രവർത്തനം 8

പ്രവർത്തനത്തിന്റെ പേര് - പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | SRG, S.S.G | 2000/- കൃഷി വകുപ്പ് |

## പ്രവർത്തനം 9

### പ്രവർത്തനത്തിന്റെ പേര് - ജൈവവൈവിധ്യ പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | SRG | 5000/- |

## പ്രവർത്തനം 10

### പ്രവർത്തനത്തിന്റെ പേര് - പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോദിവസവും വ്യത്യസ്ത മെനുവച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ H.M, P.T.A | 5000/- |

## പ്രവർത്തനം 11

### പ്രവർത്തനത്തിന്റെ പേര് - ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ H.M, P.T.A | 2000/- |

## പ്രവർത്തനം 12

പ്രവർത്തനത്തിന്റെ പേര് - മൺമറഞ്ഞ ആഹാരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളീയരുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ ആഹാരസാധനങ്ങൾ എന്നിവ കുട്ടികൾ മുതിർന്നവരിൽ നിന്ന് ചോദിച്ച് അവ ഉണ്ടാക്കി സ്കൂളിൽ പ്രദർശിപ്പിക്കുക | വർഷത്തിൽ ഒരു പ്രാവശ്യം | SRG, P.T.A | 2000/- |

## പ്രവർത്തനം 13

പ്രവർത്തനത്തിന്റെ പേര് - യോഗാ പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായു സഞ്ചാരമുള്ള മുറി ആവശ്യമായ ഉൽപന്നങ്ങളോടെ യോഗാ പരിശീലനത്തിനു വേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ ഒന്നു വീതം | P.T.A | 2000/- |

## പ്രവർത്തനം 14

പ്രവർത്തനത്തിന്റെ പേര് - പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുന്നിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ, ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ ഒരു തവണ | HM, PTA Teachers | 10000/- |

## പ്രവർത്തനം 15

പ്രവർത്തനത്തിന്റെ പേര് - പുസ്തക സമാഹരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറു സംഘം വായനയടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | ഒരു പ്രാവശ്യം | S.R.G, PTA | 1000/- |

## പ്രവർത്തനം 16

പ്രവർത്തനത്തിന്റെ പേര് - അടച്ചുറപ്പുള്ള ഹൈടെക്ക് ക്ലാസ്സ് മുറികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ICT അധിഷ്ഠിത വിദ്യാഭ്യാസം | പൂർവ്വ വിദ്യാർത്ഥികളുടേയും സഹൃദയരായ നാട്ടുകാരുടെയും സഹകരണത്തോടെ എല്ലാ ക്ലാസ്സ് മുറികളും അടച്ചുറപ്പുള്ള ഹൈടെക്ക് ക്ലാസ്സ് മുറികൾ ആക്കി മാറ്റുന്നു. | 3 വർഷം | HM, PTA, Teachers | 7 ലക്ഷം |

ഭാഷ

### പ്രവർത്തനം: 17

### മേഖല: അക്ഷരം ഉറപ്പിക്കൽ

### ഉപമേഖല: മലയാള ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കവസ്ഥ (ശ്രദ്ധ,മലയാളത്തിളക്കം) | പ്രീടെസ്റ്റ് അക്ഷരം ഉറപ്പിക്കൽ അക്ഷര കാർഡ് വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ കഥപൂർത്തിയാക്കൽ കഥാ പുസ്തക വായന Shortfilim കാണിച്ച് കഥ എഴുത്ത് പിന്നോക്കം നിൽക്കുന്ന കുട്ടിക്ക് ക്ലാസ് | 2 മാസം | ക്ലാസ് ടീച്ചർ | T.G |

### പ്രവർത്തനം: 18

### മേഖല: വായന

### ഉപമേഖല: മലയാള ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലക്ഷ്യം കുട്ടിയെ മികച്ച വായനക്കാരൻ ആക്കൽ | വായനമൂല, ക്ലാസ് ലൈബ്രറി നവീകരണം, വായനവാരത്തിൽ പുസ്തക പ്രദർശനം, പുസ്തകശേഖരണം, അമ്മ വായന, വായന മത്സരം എന്നിവ, പൊതുലൈബ്രറിയിൽ അംഗത്വം എടുക്കൽ എല്ലാ ദിവസവും പാത്രവായന. ആഴ്ചയിൽ ഒരിക്കൽ വായിച്ച പുസ്തകങ്ങളുടെ ചർച്ച. വായിച്ച കഥകൾ പങ്കുവെയ്ക്കൽ, വായനക്കുറിപ്പ്, ബാലസഭ, ദിനാചരണങ്ങൾ, ബാലപ്രസിദ്ധീകരണങ്ങളുടെ വായന ശേഖരണം ജന്മദിനത്തിൽ ഒരു പുസ്തകം വായന | 6 മാസം | H.M, ടീച്ചേഴ്സ്, PTA, MPTA | PTA |

### പ്രവർത്തനം: 19

### മേഖല: എഴുത്ത്

### ഉപമേഖല: മലയാള ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെ നല്ല എഴുത്തുകാരനാക്കുക) | മണലിലെഴുത്ത്, അക്ഷരകാർഡ്, ചിത്രമെഴുത്ത്, ചിത്രം നോക്കി, വാക്യങ്ങൾ എഴുതൽ, വിവരണം, ആസ്വാദനം, ചുമർപത്രം, കൈയ്യെഴുത്ത് മാസിക, കത്ത്, കവിതാലേഖനം, കഥ പൂർത്തിയാക്കൽ, ബാലസഭ, നോട്ടീസ്, പൊതുവേദിയെ അഭിമുഖീകരിക്കൽ വ്യക്തിഗത രചന, സംഘ രചന, സൃഷ്ടികളുടെ പ്രദർശനം | 6 മാസം | H.M, ടീച്ചേഴ്സ്, | PTA |

### പ്രവർത്തനം: 20

### മേഖല: രചന ശില്പശാല

### ഉപമേഖല: മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ | കഥയരങ്ങ് കവിയരങ്. രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നുവീതം | ടീച്ചേഴ്സ് | സ്പോൺസർഷിപ്പ് |

### പ്രവർത്തനം: 21

### സർഗ്ഗശേഷി വികസനം

### ഉപമേഖല: ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശിക എഴുത്തുകാരെ സ്കൂളിൽ എത്തിക്കുക | വർഷത്തിൽ രണ്ട് പ്രാവശ്യം | H.M, ടീച്ചേഴ്സ്, PTA | സ്പോൺസർഷിപ്പ് |

### പ്രവർത്തനം: 22

### സർഗ്ഗാത്മ വികസനം

### ഉപമേഖല: ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകൾ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിലുള്ള കലാരൂപങ്ങളെ പരിശീലനവും അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | PTA | സ്പോൺസർഷിപ്പ് |

### പ്രവർത്തനം: 23
### ദിനാചരണങ്ങൾ
### ഉപമേഖല: അറിവിന്റെ വിപുലീകരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കണം | ആവശ്യാനുസരണം | PTA | സ്പോൺസർഷിപ്പ് |

### പ്രവർത്തനം: 24
### കൈയ്യെഴുത്ത് മാസിക
### ഉപമേഖല: സർഗാത്മകത

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യാഭിരുചി വളർത്തുക | കുട്ടികളിൽ നിന്ന് രചനകൾസ്വീകരിച്ച് മാസിക രൂപത്തിൽ എഴുതി തയ്യാറാക്കുണം | വർഷത്തിൽ ഒരു പ്രാവശ്യം | H.M, ടീച്ചേഴ്സ് | സ്പോൺസർഷിപ്പ് |

### പ്രവർത്തനം: 25
### പത്രവായന, അസംബ്ലിയിൽ
### ഉപമേഖല: വായന പോഷിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആനുകാലികങ്ങൾ വായിക്കാനുള്ള താൽപര്യം ജനിപ്പിക്കൽ | എല്ലാദിവസവും രണ്ടും, മൂന്നും കുട്ടികൾ വീതം അസംബ്ലിയിൽ പ്രധാന പത്രവാർത്തകൾ അവതരിപ്പിക്കുന്നു. | എല്ലാ ദിവസവും | H.M, ടീച്ചേഴ്സ് | സ്പോൺസർഷിപ്പ് |

### പ്രവർത്തനം: 26
### ഗണിതലാബ്
### മേഖല: ഗണിതാഭിരുചി വളർത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ മുറിയിൽ ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | SRG | സ്പോൺസർഷിപ്പ് |

## പ്രവർത്തനം 27

### പ്രവർത്തനത്തിന്റെ പേര് - ഗണിത പാർക്ക്

### ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം എളുപ്പമാക്കൽ | സ്കൂൾ ജ്യാമിതീയ രൂപങ്ങൾ സ്കൂൾ മുറ്റത്ത് സജ്ജീകരിക്കൽ | അവധി ദിനങ്ങളിൽ | ടീച്ചേഴ്സ് | |

## പ്രവർത്തനം 28

### പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് അസംബ്ലി

### ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വളർത്തുക | ആഴ്ചയിൽ ഒന്നിടവിട്ട ദിവസങ്ങളിൽ അസംബ്ലിയുടെ എല്ലാ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം | ടീച്ചേഴ്സ് | |

## പ്രവർത്തനം 29

### പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് ഡയറി

### ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് എഴുതാനുള്ള അറിവു നേടൽ | ഓരോ ദിവസവും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറി എഴുതുക | എല്ലാ ദിവസവും | ടീച്ചേഴ്സ് | |

## പ്രവർത്തനം 30

### പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് സംഭാഷണം

### ഉപമേഖല - ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഏതെങ്കിലും രണ്ട് വ്യക്തികൾ തമ്മിലുള്ള സംഭാഷണം എഴുതി അവതിരിപ്പിക്കൽ | ആഴ്ചയിൽ ഒന്നു വീതം | ടീച്ചേഴ്സ് | |

## പ്രവർത്തനം 31

### പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷിൽ കത്തെഴുത്ത്

### ഉപമേഖല - ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുതാനുള്ള ശേഷി കൈവരിക്കൽ | കൂട്ടുകാരുടെ പിറന്നാൾ ദിവസങ്ങളിൽ കൂട്ടുകാർക്ക് ഇംഗ്ലീഷിൽ കത്തെഴുതുന്നു. | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | |

## പ്രവർത്തനം 32

### പ്രവർത്തനത്തിന്റെ പേര് - അർത്ഥം പഠിക്കൽ

### ഉപമേഖല - മലയാളത്തിൽ തർജ്ജിമ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പദ സമ്പത്ത് | പുതിയ വാക്കുകളുടെ അർത്ഥം കണ്ടെത്തുക | ആഴ്ചയിൽ മൂന്നു ദിവസം | ക്ലാസ്സ് ടീച്ചർ | |


## പ്രവർത്തനം 33

### പ്രവർത്തനത്തിന്റെ പേര് - പുസ്തകവായന

### ഉപമേഖല - ഇംഗ്ലീഷ് വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പുസ്തക വായന | കഥകൾ വായിപ്പിക്കുന്നു | ആഴ്ചയിൽ ഒരിക്കൽ | ടീച്ചേഴ്സ് | |

| | |
|---|---|
| Name of Owner of Land & Building | The Manager<br>K.M.L.P. School<br>Eroor West P.O |
| Plot Area | : 50 cents |
| Survey No | : 538/1 |
| Village | : Nadama |
| Taluk | : Kannayannur |




## Site Plan

Scale 1 in 300

All Dimensions are in Centimeter

# ഉപസംഹാരം

കേരളത്തിന്റെ ചരിത്രം വിദ്യാഭ്യാസ ചരിത്രത്തിന്റെ ഒരു പരിച്ഛേദം തന്നെയാണല്ലോ? ഒരു വലിയ ഇടവേളയിൽ പൊതുസമൂഹത്തിൽ നിന്ന് അകന്നുപോയ പൊതുവിദ്യാലയങ്ങൾ ഇപ്പോൾ പുത്തനുണർവിന്റെ പാതയിലാണ്. കെ.എം.എൽ.പി.സ്കൂളിനെ സംബന്ധിച്ച് എടുത്തുപറയത്തക്ക മുന്നേറ്റമാണ് നടത്തിയിട്ടുള്ളത്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി വിദ്യാലയ വികസന സമിതി, പി.ടി.എ, പൂർവ്വവിദ്യാർത്ഥി സംഘടന, പൊതുസമൂഹം എന്നിങ്ങനെയുള്ള ഇടപെടലുകളാണ് ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തിയത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന നവവിദ്യാഭ്യാസ സ്വപ്നം സാക്ഷാത്ക്കരിക്കുക നമ്മുടെ ലക്ഷ്യമാണ്. അതിനുള്ള കഠിനശ്രമങ്ങൾ സ്കൂൾ ഏറ്റെടുത്തു കഴിഞ്ഞു. കേവലം അറിവു സമ്പാദനം മാത്രമല്ല സമൂഹത്തിൽ ഉത്തമ മാതൃകകൾ സൃഷ്ടിക്കുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിനുള്ള വൈവിധ്യവും വേറിട്ടതുമായ പ്രവർത്തനങ്ങളാണ് സ്കൂൾ മാസ്റ്റർ പ്ലാനിൽ ഇൾപ്പെടുത്തിയിട്ടുള്ളത്. കലാ, കായിക, ഭാഷാ, പ്രതിഭാ നൈപുണ്യം ഉൾപ്പെടെ അക്കാദമിക, ഭൗതിക, സാമൂഹിക മേഖലകൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. സമയബന്ധിതമായി ഈ പദ്ധതികൾ സഫലമാക്കാൻ കഴിയുമെന്ന ശുഭ പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്.

